ഉത്തരം

(എ, ബി, സി, ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

അംഗൻവാടി ജീവനക്കാരെ ഗ്രാമപഞ്ചായത്ത് ഓഫീസുകളിലേക്ക് മാറ്റിയ നടപടി

56 [1261] ശ്രീ. സി. ടി. അഹമ്മദ് അലി :
,, യു. സി. രാമൻ :
,, കളത്തിൽ അബ്ദുള്ള :
,, പെരുമ്പള്ളി അബ്ദുള്ള :
,, സി. മോയിൻ കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അധികാര വികേന്ദ്രീകരണം സംബന്ധിച്ച് ഐ. സി. ഡി. എസ്. സൂപ്പർവൈസർ, അംഗൻവാടി വർക്കർ, ഹെൽപ്പർ എന്നീ ഉദ്യോഗസ്ഥൻമാരെ ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറിയതായി ഗവൺമെന്റ് ഉത്തരവുണ്ടോ ;

(ബി) എങ്കിൽ നിലവിൽ ഗവൺമെന്റ് ഉത്തരവുണ്ടായിട്ടും സൂപ്പർവൈസർമാർ ഡി. പി. ഒ. ഓഫീസ് ഹെഡ്ക്വാർട്ടേഴ്സ് കണക്കാക്കി പ്രവർത്തിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഡി. പി. ഒ. ഓഫീസിലെ ക്ലറിക്കൽ ജോലികൾ ഇവർ ചെയ്യുന്നതുമൂലം അംഗൻവാടികളുടെ പ്രവർത്തനം പരിശോധിക്കുന്നതിൽ വീഴ്ചവരുത്തുന്നത് സംബന്ധിച്ച് അന്വേഷിക്കുമോ ;

(ഡി) ഗ്രാമപഞ്ചായത്ത് ഏർപ്പെടുത്തി നൽകുന്ന ഓഫീസ് സംവിധാനം ഉപയോഗിച്ച് പ്രവർത്തിക്കുവാൻ പ്രസ്തുത ജീവനക്കാർക്ക് അടിയന്തിര നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി ഐ. സി. ഡി. എസ്. സൂപ്പർവൈസർമാരെ ഗ്രാമപഞ്ചായത്തിന് കൈമാറ്റം ചെയ്തിട്ടുണ്ട്. (സ.ഉ. നമ്പർ 188/00/എൽ. എസ്. ജി. ഡി. തീയതി 4-7-2000) എന്നാൽ അംഗൻവാടി വർക്കർമാരെയും അംഗൻവാടി ഹെൽപ്പർമാരെയും ഗ്രാമപഞ്ചായത്തിന് കൈമാറ്റം ചെയ്തിട്ടില്ല.

(ബി) ഐ. സി. ഡി. എസ്. സൂപ്പർവൈസർമാർ ശിശുവികസന പദ്ധതി ഓഫീസറുടെ ഓഫീസ് ഹെഡ്ക്വാർട്ടേഴ്സായി കണക്കാക്കി പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) സി. ഡി. പി. ഒ. ഓഫീസിലെ ക്ലറിക്കൽ ജോലികൾ ഐ.സി.ഡി.എസ്. സൂപ്പർവൈസർമാരെക്കൊണ്ട് ചെയ്യിക്കാറില്ല. ഐ. സി. ഡി. എസ്. പദ്ധതി പൂർണ്ണമായും കേന്ദ്രാവിഷ്കൃത പദ്ധതിയായതിനാൽ ഇതിലെ ജീവനക്കാരുടെ ജോലികൾ സംബന്ധിച്ച് കേന്ദ്രഗവൺമെന്റ് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതനുസരിച്ചുള്ള ജോലികളാണ് നിർവ്വഹിക്കുന്നത്. ഇതുമൂലം അംഗൻവാടികൾ പരിശോധിക്കുന്നതിൽ വീഴ്ചവരുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പ്രസ്തുത ജീവനക്കാർ ഗ്രാമപഞ്ചായത്ത് ഏർപ്പെടുത്തി നൽകുന്ന ഓഫീസ് സംവിധാനം ഉപയോഗിച്ച് പ്രവർത്തിച്ചുവരുന്നു.

അംഗൻവാടികൾക്ക് കെട്ടിടം നിർമ്മിക്കാൻ നടപടി

57 [1262] ശ്രീ. എ. എൻ. രാജൻ ബാബു :

" ഉമേഷ് ചള്ളിയിൽ :

" കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ സ്വന്തമായി കെട്ടിടമില്ലാത്ത എത്ര അംഗൻവാടികളുണ്ട് ;

(ബി) സ്വന്തമായി കെട്ടിടമുള്ള അംഗൻവാടികളുടെ എണ്ണം വിശദമാക്കുമോ ;

(സി) അംഗൻവാടികൾക്ക് ഭൂമിയും കെട്ടിടവും വാങ്ങുന്നതിന് നിലവിലുള്ള കേന്ദ്ര-സംസ്ഥാന പദ്ധതികൾ എന്തൊക്കെയാണ് ;

(ഡി) പ്രസ്തുത പദ്ധതിപ്രകാരം ഈ വർഷം എത്ര അംഗൻവാടി കെട്ടിടങ്ങൾ നിർമ്മിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത് ;

(ഇ) സംസ്ഥാനത്തെ മുഴുവൻ അംഗൻവാടികൾക്കും എന്നത്തേക്ക് സ്വന്തമായി കെട്ടിടങ്ങൾ നിർമ്മിക്കാമെന്നാണ് സർക്കാർ കരുതുന്നത് ?

ഉത്തരം

(എ, ബി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(സി) ഇപ്പോൾ ഇതിനായി പദ്ധതികളൊന്നും നിലവിലില്ല.

(ഡി) ബാധകമല്ല.

(ഇ) അനുയോജ്യമായ വസ്തുവിന്റെയും ഫണ്ടിന്റെയും ലഭ്യത അനുസരിച്ച് സംസ്ഥാനത്തെ മുഴുവൻ അംഗൻവാടികൾക്കും കഴിയുന്നത്രവേഗം കെട്ടിടം നിർമ്മിക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

അംഗൻവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും പെൻഷൻ നൽകുന്നതിനുള്ള നടപടി

58 [1263] ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ അംഗൻവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും നിലവിൽ പെൻഷൻ ലഭിക്കുന്നുണ്ടോ ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത ജീവനക്കാർക്ക് പെൻഷൻ നൽകുന്നതിനുള്ള പദ്ധതി സർക്കാർ ആവിഷ്കരിക്കുമോ ;

(സി) ഇത് സംബന്ധിച്ച് ജീവനക്കാരുടെ നിവേദനങ്ങൾ സർക്കാരിന് ലഭിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly